**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1539** **04-07-2022 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ആർ.ഡി.ഒ. കോടതിയിലെ തൊണ്ടിമുതൽ കാണാതായ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീമതി കെ.കെ.രമ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ആർ.ഡി.ഒ. കോടതിയിൽ 2017 മുതൽ 2021 ഫെബ്രുവരി വരെയുള്ള തൊണ്ടിമുതൽ എ.ജി. ഓഡിറ്റ് നടത്തിയിരുന്നോ; എങ്കിൽ പ്രസ്തുത ഓഡിറ്റിൽ എല്ലാം സുരക്ഷിതമാണെന്ന് എ.ജി. റിപ്പോർട്ട് നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ; | (എ) | 2021 ജനുവരി മാസം 28-ാം തീയതി ഓഡിറ്റ് ചെയ്തിരുന്നു. ടി ഓഡിറ്റ് റിപ്പോർട്ടിൽ "Articles seized upto December 2017 were transferred to the Sub Treasury on 16.09.2015 (3 boxes) and 08.01.2018 (3 boxes) due to shortage of space in the office chest" എന്ന് പ്രതിപാദിച്ചിട്ടുണ്ട്. |
| (ബി) | എ.ജി. ഓഡിറ്റിന് ശേഷമാണോ ആർ.ഡി.ഒ. കോടതിയിൽ സൂക്ഷിച്ചിരുന്ന 139 പവനോളം സ്വർണ്ണം കാണാതായതായി പറയപ്പെടുന്ന സംഭവം നടന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | പോലീസ് അന്വേഷണത്തിൽ നിന്നും അപ്രകാരമാണ് വ്യക്തമാവുന്നത്. |
| (സി) | തൊണ്ടിമുതലിന്റെ കസ്റ്റോഡിയൻ ആരാണെന്നും പ്രസ്തുത കസ്റ്റോഡിയൻ തൊണ്ടിമുതൽ പരിശോധിക്കാറുണ്ടോയെന്നും വ്യക്തമാക്കാമോ; | (സി) | തൊണ്ടിമുതലിന്റെ കസ്റ്റോഡിയൻ റവന്യൂ ഡിവിഷണൽ ഓഫീസിലെ സീനിയർ സൂപ്രണ്ട് ആണ്. 08.08.2017-നാണ് അവസാനമായി കസ്റ്റോഡിയൻ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തിയത്. |
| (ഡി) | എങ്കിൽ ഈ പരിശോധനയിൽ തട്ടിപ്പ് കണ്ടെത്താത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | 08.08.2017-ന് നടത്തിയ പരിശോധനയിൽ തൊണ്ടി മുതൽ ഒന്നും തന്നെ നഷ്ടപ്പെട്ടിട്ടില്ലായിരുന്നു എന്ന് അന്നത്തെ സീനിയർ സൂപ്രണ്ട് മൊഴി നൽകിയിട്ടുള്ളതും, തൊണ്ടിമുതൽ നഷ്ടപ്പെട്ടത് ആയതിനു ശേഷമാണെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ